**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3563** **27-06-2024 - ൽ മറുപടിയ്ക്ക്**

**അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലെ സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ ശമ്പളം മുടങ്ങുകയും വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ കഴിയാതെയാവുകയും ചെയ്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; | (എ) | **കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കീഴിൽ 14 ജില്ല ഓഫീസുകളും അഗ്രോ ബസാറുകളും, പുനലൂരിൽ അഗ്രോ ഫ്രൂട്ട്സ് പ്രോഡക്ട് എന്ന ഫാക്ടറിയും ഉണ്ട്. ജീവനക്കാരുടെ ശമ്പളം കണ്ടെത്തുന്നത് അതാത് യൂണിറ്റുകൾ ഉണ്ടാകുന്ന ലാഭവിഹിതത്തിൽ നിന്നാണ്. പാലക്കാട്, വയനാട്, കാസർകോഡ്, കോഴിക്കോട് എന്നീ യൂണിറ്റുകളിൽ നിന്നും വിഹിതം നല്കുവാൻ താമസമുണ്ടായപ്പോഴാണ് ശമ്പളം മുടങ്ങുന്ന അവസ്ഥാവിശേഷം ഉണ്ടായത്. കോർപ്പറേഷനിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് ലഭ്യമാക്കേണ്ട ആനുകൂല്യങ്ങൾ നല്കിയിട്ടുണ്ട്.**<br><br>**കോർപ്പറേഷനിൽ വിരമിച്ച ജീവനക്കാർക്ക് നാളിതുവരെയുള്ള വിരമിക്കൽ ആനുകൂല്യങ്ങൾ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ 2002 മുതൽ 2011 വരെ വിരമിച്ച 122-ഓളം ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി നല്കുവാൻ വൈകിയിട്ടുണ്ട്.** |
| (ബി) | ഏത് തീയതി മുതൽ വിരമിച്ച, എത്ര ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളാണ് ഇപ്രകാരം വിതരണം ചെയ്യാൻ കഴിയാതെ കുടിശ്ശിക ആയിട്ടുള്ളതെന്നറിയിക്കാമോ; ഇതിൽ എത്ര പേരാണ് കുടിശിക കൈപ്പറ്റാനാകാതെ മരണപ്പെട്ടിട്ടുള്ളതെന്ന വിവരം ലഭ്യമാക്കാമോ; | (ബി) | **കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കീഴിൽ 14 ജില്ല ഓഫീസുകളും അഗ്രോ ബസാറുകളും, പുനലൂരിൽ അഗ്രോ ഫ്രൂട്ട്സ് പ്രോഡക്ട് എന്ന ഫാക്ടറിയും ഉണ്ട്. ജീവനക്കാരുടെ ശമ്പളം കണ്ടെത്തുന്നത് അതാത് യൂണിറ്റുകൾ ഉണ്ടാകുന്ന ലാഭവിഹിതത്തിൽ നിന്നാണ്. പാലക്കാട്, വയനാട്, കാസർകോഡ്, കോഴിക്കോട് എന്നീ യൂണിറ്റുകളിൽ നിന്നും വിഹിതം നല്കുവാൻ താമസമുണ്ടായപ്പോഴാണ് ശമ്പളം മുടങ്ങുന്ന അവസ്ഥാവിശേഷം ഉണ്ടായത്. കോർപ്പറേഷനിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് ലഭ്യമാക്കേണ്ട ആനുകൂല്യങ്ങൾ നല്കിയിട്ടുണ്ട്.**<br><br>**കോർപ്പറേഷനിൽ വിരമിച്ച ജീവനക്കാർക്ക് നാളിതുവരെയുള്ള വിരമിക്കൽ ആനുകൂല്യങ്ങൾ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ 2002** |

| | | | |
|---|---|---|---|
| | | | **മുതൽ 2011 വരെ വിരമിച്ച 122-ഓളം ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി നല്കുവാൻ വൈകിയിട്ടുണ്ട്.** |
| (സി) | ആഗ്രോ സൂപ്പർ ബസാറിൽ നടന്ന ലക്ഷങ്ങളുടെ തട്ടിപ്പാണ് കോർപ്പറേഷനെ ഇത്തരം ഒരു സാമ്പത്തിക പ്രതിസന്ധിയിൽ എത്തിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | **കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന അഗ്രോ സൂപ്പർ ബസാറിൽ നിലവിൽ 66,11,330/- രൂപയുടെ പണാപഹരണം 2019-20, 2020-21, 2021-22 കാലഘട്ടത്തിൽ നടന്നതായി പ്രാഥമികമായി കണ്ടെത്തുകയും, ക്യാഷിന്റെ ചാർജ്ജു വഹിക്കുന്ന ശ്രീ.എൽ.എൻ അഭിലാഷിനെ നടപടിയുടെ ഭാഗമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും, തുടർന്ന് തിരുവനന്തപുരം ഫോർട്ട് പോലീസിൽ പരാതി നല്കിയിട്ടുള്ളതുമാണ്. ടി വിഷയം വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോയിൽ വി.സി 03/24/ എസ്.ആർ.റ്റി ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുകയാണ്. ടിയാൾ 14,25,000/- രൂപ കോർപ്പറേഷനിൽ തിരികെ അടച്ചിട്ടുണ്ട്.**<br><br>**കൂടാതെ അഗ്രോ ബസാറിലെ കംപ്യൂട്ടറിലെ തിരിമറി സംബന്ധിച്ച് വിവരങ്ങൾ നല്കാതിരുന്ന സർവ്വീസ് പ്രൊവൈഡറായിരുന്ന ARGUS ഗ്രൂപ്പിനെതിരെ 22.10.2022ൽ സിറ്റി പോലീസ് കമ്മീഷണർക്ക് പരാതി സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് ധനകാര്യ പരിശോധന വിഭാഗം അന്വേഷണം നടത്തിയിട്ടുള്ളതും, പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതായിരിക്കും.**<br><br>**കൂടാതെ അഗ്രോ സൂപ്പർ ബസാറിന് കീഴിൽ പ്രവർത്തിക്കുന്ന ഗ്രീൻ ഹൗസിൽ നിന്നും 3 ലക്ഷം രൂപയിലധികം ക്രമക്കേട് നടന്നതായുള്ള ആരോപണത്തിൻമേൽ അസിസ്റ്റന്റ് ചാർജ്ജ്മാനായ ശ്രീ.എസ്.ശ്യാമിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും, ബഹു.കോടതിയുടെ ഉത്തരവിനെ തുടർന്ന് സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുകയും, ടിയാനെതിരെ ആഭ്യന്തര അന്വേഷണം നടന്നു വരുന്നതും, ടി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടി സ്വീകരിക്കുന്നതുമാണ്.** |
| (ഡി) | ആകെ എത്ര രൂപയുടെ തട്ടിപ്പാണ് കണ്ടെത്തിയിട്ടുള്ളതെന്നും ഇതിൽ ആരെയൊക്കെയാണ് കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ളതെന്നും ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദീകരിക്കുമോ? | (ഡി) | **കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന അഗ്രോ സൂപ്പർ ബസാറിൽ നിലവിൽ 66,11,330/- രൂപയുടെ പണാപഹരണം 2019-20, 2020-21, 2021-22 കാലഘട്ടത്തിൽ നടന്നതായി പ്രാഥമികമായി കണ്ടെത്തുകയും, ക്യാഷിന്റെ ചാർജ്ജു വഹിക്കുന്ന ശ്രീ.എൽ.എൻ അഭിലാഷിനെ നടപടിയുടെ ഭാഗമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും, തുടർന്ന് തിരുവനന്തപുരം ഫോർട്ട് പോലീസിൽ പരാതി നല്കിയിട്ടുള്ളതുമാണ്. ടി വിഷയം വിജിലൻസ്** |

| | | | |
|---|---|---|---|
| | | | & ആന്റി-കറപ്ഷൻ ബ്യൂറോയിൽ വി.സി 03/24/ എസ്.ആർ.റ്റി ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുകയാണ്. ടിയാൾ 14,25,000/- രൂപ കോർപ്പറേഷനിൽ തിരികെ അടച്ചിട്ടുണ്ട്.<br><br>കൂടാതെ അഗ്രോ ബസാറിലെ കംപ്യൂട്ടറിലെ തിരിമറി സംബന്ധിച്ച് വിവരങ്ങൾ നല്കാതിരുന്ന സർവ്വീസ് പ്രൊവൈഡറായിരുന്ന ARGUS ഗ്രൂപ്പിനെതിരെ 22.10.2022ൽ സിറ്റി പോലീസ് കമ്മീഷണർക്ക് പരാതി സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് ധനകാര്യ പരിശോധന വിഭാഗം അന്വേഷണം നടത്തിയിട്ടുള്ളതും, പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതായിരിക്കും.<br><br>കൂടാതെ അഗ്രോ സൂപ്പർ ബസാറിന് കീഴിൽ പ്രവർത്തിക്കുന്ന ഗ്രീൻ ഹൗസിൽ നിന്നും 3 ലക്ഷം രൂപയിലധികം ക്രമക്കേട് നടന്നതായുള്ള ആരോപണത്തിൻമേൽ അസിസ്റ്റന്റ് ചാർജ്ജ്മാനായ ശ്രീ.എസ്.ശ്യാമിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും, ബഹു.കോടതിയുടെ ഉത്തരവിനെ തുടർന്ന് സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുകയും, ടിയാനെതിരെ ആഭ്യന്തര അന്വേഷണം നടന്നു വരുന്നതും, ടി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടി സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ